8056
22/2/21

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വിനോദ സഞ്ചാര വകുപ്പ് - കേരള ടൂറിസം ഡെവലപ്പ്മെൻറ് കോർപ്പറേഷനിലെ (കെ ടി ഡി സി) വിവിധ അംഗീകൃത തസ്തികകളിലായി കരാറടിസ്ഥാനത്തിൽ നിലവിൽ സേവനമനുഷ്ഠിച്ച് വരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിനോദസഞ്ചാര (ബി) വകുപ്പ്

സ.ഉ.(കൈ) നം.3/2021/ടൂറിസം തീയതി,തിരുവനന്തപുരം, 18/02/2021

പരാമർശം:- 1 സ.ഉ. (സാധാ ) നം. 107/2020/ടൂറിസം തീയതി 03.03.2020

2 കെ ടി ഡി സി , മാനേജിങ് ഡയറക്ടറുടെ 06.11.2020 തീയതിയിലെ കെ.ടി.ഡി.സി/പി എ (2)/ റെഗുലറൈസേഷൻ/2020-21 നമ്പർ കത്ത്

3 കെ ടി ഡി സി , മാനേജിങ് ഡയറക്ടറുടെ 03.02.2021 തീയതിയിലെ കെ.ടി.ഡി.സി/പി എ (2)/ റെഗുലറൈസേഷൻ/2021 നമ്പർ കത്ത്

4 കെ ടി ഡി സി , മാനേജിങ് ഡയറക്ടറുടെ 16.02.2021 തീയതിയിലെ കെ.ടി.ഡി.സി/പി എ (6)/ റെഗുലറൈസേഷൻ/21 നമ്പർ കത്ത്

<u>ഉത്തരവ്</u>

കേരള ടൂറിസം ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ( കെ ടി ഡി സി)-ലെ കരാർ ജീവനക്കാർ ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 4676/2019, WP(C) 7050/2019 മുതലായ റിട്ട് പരാതികളുടെ വിധിയിലെ നിർദ്ദേശ പ്രകാരം കെ ടി ഡി സി യിലെ വിവിധ അംഗീകൃത തസ്തികകളിലായി കരാറടിസ്ഥാനത്തിൽ നിലവിൽ സേവനമനുഷ്ഠിച്ച് വരുന്ന ജീവനക്കാരെ റെഗുലറൈസ് ചെയ്യണമെന്നുള്ള കെ.ടി.ഡി.സി മാനേജിംഗ് ഡയറക്ടറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും പരാമർശം (1) ഉത്തരവ് പ്രകാരം കെ ടി ഡി സി യിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് പൊതുമായ മാനദണ്ഡം തയ്യാറാക്കണമെന്നും അതിൻെറ അടിസ്ഥാനത്തിൽ പരിശോധിച്ച് തീരുമാനമെടുക്കണമെന്നും ഉത്തരവായിരുന്നു.

2) സർക്കാർ ആവശ്യപ്പെട്ട പ്രകാരം കരാർ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് കെ.ടി.ഡി.സി. യുടെ 313-)o [illegible] ഡയറക്ടർ ബോർഡ് അംഗീകരിച്ച ചുവടെ പറയുന്ന മാനദണ്ഡങ്ങൾ കെ.ടി.ഡി.സി മാനേജിംഗ് ഡയറക്ടർ സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു.

1. 18.09.2020 ന് എട്ട് (8) വർഷത്തിൽ കുറയാത്ത സേവനം
2. എല്ലാ തസ്തികകളും ഗവണ്മെന്റ് അനുമതി കിട്ടിയത് ആയിരിക്കണം
3. ഈ തസ്തികകളിൽ നിയമനം ഒരു സെലക്ഷൻ പ്രോസസ്സിൽ കൂടി ആയിരിക്കണം

4.ഈ തസ്തികകളിൽ നിയമനം നടത്തുന്നതിന് കെ.ടി.ഡി.സി.യ്ക്ക് അധികാരം ഉണ്ടായിരിക്കണം

ഇതോടൊപ്പം മേൽ മാനദണ്ഡം പൂർണ്ണമായും അനുസരിച്ച് കെ ടി ഡി സിയിൽ കരാർ വ്യവസ്ഥയിൽ തുടരുന്നവരുടെയും ഒന്നാമത്തെ മാനദണ്ഡം മാത്രം പാലിച്ച് കരാർ വ്യവസ്ഥയിൽ തുടരുന്നവരുടെയും കൂടാതെ മെയിന്റനൻസ് എഞ്ചിനീയർമാരുടെ 3 തസ്തികകൾ പുനഃസ്ഥാപിച്ച് അതിൽ 8 വർഷത്തിലധികമായി കരാർ വ്യവസ്ഥയിൽ പ്രവൃത്തിയെടുക്കുന്ന 3 പേരെയും ഉൾപ്പെടെ മൂന്ന് കാറ്റഗറികളായി തയ്യാറാക്കിയ 153 പേരുടെ ലിസ്റ്റ് പരാമർശം (2) പ്രകാരം കെ ടി ഡി സി , മാനേജിംഗ് ഡയറക്ടർ സമർപ്പിച്ചിരുന്നു.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും കെ ടി ഡി സി മാനേജിംഗ് ഡയറക്ടർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ ഒന്നാമത്തെ മാനദണ്ഡം 31/01/2021 ന് 10 (പത്ത്) വർഷത്തിൽ കുറയാത്ത തുടർച്ചയായ സേവനം എന്നു പരിഷ്കരിക്കാമെന്ന് കാണുകയും അപ്രകാരം മാനദണ്ഡം പാലിക്കുന്ന ജീവനക്കാരുടെ വിവരങ്ങൾ സമർപ്പിക്കുവാൻ കെ ടി ഡി സി , മാനേജിംഗ് ഡയറക്ടറോട് ആവശ്യപ്പെടുകയും ചെയ്തു. അതിൻ പ്രകാരം വിവിധ തസ്തികകളിലായി 10 വർഷം സേവനം പൂർത്തിയാക്കിയ മാനദണ്ഡം പാലിച്ച 64 കരാർ ജീവനക്കാരെ അവർ സേവനം അനുഷ്ഠിക്കുന്ന തസ്തികകളിലും 10 വർഷം സേവനം പൂർത്തിയാക്കിയവരും എന്നാൽ നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിക്കാത്തതുമായ 33 കരാർ ജീവനക്കാരെ ഹെൽപ്പർ തസ്തികയിലും കരാറടിസ്ഥാനത്തിൽ 10 വർഷമായി സേവനമനുഷ്ഠിച്ച് വരുന്ന 3 മെയിന്റനൻസ് എഞ്ചിനീയർമാരെ അവരുടെ തസ്തികകൾ പുനഃസ്ഥാപിച്ചും സ്ഥിരപ്പെടുത്തുന്നതിനായി കെ ടി ഡി സി , മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം 100 പേരുടെ ലിസ്റ്റ് അടങ്ങിയ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

4) തുടർന്ന് പരാമർശം (3) പ്രകാരം സമർപ്പിച്ച പട്ടികയിൽ സ്ഥിരപ്പെടുത്തുവാനുള്ള തസ്തികകൾ പി.എസ്.സി. മുഖേനയല്ലാതെ നിയമനം നടത്തുന്നവയാണെന്ന് ഉറപ്പുവരുത്തി അറിയിക്കുവാൻ സർക്കാർ ആവശ്യപ്പെട്ടതിൻെറ അടിസ്ഥാനത്തിൽ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേനയല്ലാതെ നിയമനം നടത്തുന്ന തസ്തികകൾ സംബന്ധിച്ച വിശദാംശങ്ങൾ കെ ടി ഡി സി , മാനേജിംഗ് ഡയറക്ടർ പരാമർശം (4) പ്രകാരം സമർപ്പിക്കുകയുണ്ടായി.

5) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ ടി ഡി സി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച ലിസ്റ്റിലെ (അനുബന്ധമായി ചേർക്കുന്നു),കേരള ടൂറിസം ഡെവലപ്പ്മെൻറ് കോർപ്പറേഷനിൽ വിവിധ അംഗീകൃത തസ്തികകളിലായി നിലവിൽ സേവനം അനുഷ്ഠിച്ചുവരുന്ന, 97 കരാർ ജീവനക്കാരെ അവരവരുടെ പേരിന് നേർക്ക് ചേർത്തിരിക്കുന്ന, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേനയല്ലാതെ നിയമനം നടത്തുന്ന തസ്തികകളിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോർജ്ജ്
പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ , കോർപ്പറേറ്റ് ഓഫീസ്, മാസ്കറ്റ് സ്ക്വയർ, തിരുവനന്തപുരം.
ഡയറക്ടർ, ടൂറിസം വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I&II), കേരളം, തിരുവനന്തപുരം

പൊതു ഭരണ ( എസ്.സി) വകുപ്പ് (ഇനം നം: 4692 ; തീയതി: 15.02.2021പ്രകാരം).
ധനകാര്യ വകുപ്പ് ( പിയു-സി3/3/2021-ധന പ്രകാരം)
ആസൂത്രണ സാമ്പത്തിക കാര്യ ( ബി പി ഇ ) വകുപ്പ് ബി പി ഇ2/29/2021-പ്ലാനിംഗ് പ്രകാരം )
നിയമവകുപ്പ് (2590/ഒപ്പിനിയൻ എഫ് 3/ 2021/നിയമം പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം

## സ്ഥിരപ്പെടുത്തുന്ന ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നം | പേര് | സ്ഥിരപ്പെടുത്തുന്ന തസ്തിക |
|---|---|---|
| 1) | ശ്രീമതി മഞ്ജു സ്കറിയ | റിസപ്ഷനിസ്റ്റ് |
| 2) | ശ്രീ. ജയേഷ് കെ.എസ് | റിസപ്ഷനിസ്റ്റ് |
| 3) | ശ്രീ. മഹേഷ് ടി.എസ് | റിസപ്ഷനിസ്റ്റ് |
| 4) | ശ്രീമതി ദീപമോൾ എം.ജി. | റിസപ്ഷനിസ്റ്റ് |
| 5) | ശ്രീ. സുബീഷ് എസ്. | റിസപ്ഷനിസ്റ്റ് |
| 6) | ശ്രീമതി സിമി എസ്. | റിസപ്ഷനിസ്റ്റ് |
| 7) | കുമാരി ലിത ടി.വി | റിസപ്ഷനിസ്റ്റ് |
| 8) | ശ്രീ. സാജൻ പി.ആർ | റിസപ്ഷനിസ്റ്റ് |
| 9) | കുമാരി രശ്മി. കെ. രാജ് | റിസപ്ഷനിസ്റ്റ് |
| 10) | ശ്രീ. രതീഷ് എം. | റിസപ്ഷനിസ്റ്റ് |
| 11) | ശ്രീമതി ജോയാമോൾ | റിസപ്ഷനിസ്റ്റ് |
| 12) | ശ്രീമതി യമുന കെ.ആർ | റിസപ്ഷനിസ്റ്റ് |
| 13) | ശ്രീ. പ്രിൻസ് സി.വി | റിസപ്ഷനിസ്റ്റ് |
| 14) | ശ്രീ. അരുൺ എം.സി | റിസപ്ഷനിസ്റ്റ് |
| 15) | ശ്രീ. ശരവണൻ എം.വി. | റിസപ്ഷനിസ്റ്റ് |
| 16) | ശ്രീമതി സുമാദേവി എം.എ | റിസപ്ഷനിസ്റ്റ് |
| 17) | ശ്രീ. ശ്രീജു ശിവരാമപിള്ള | റിസപ്ഷനിസ്റ്റ് |
| 18) | ശ്രീ. എബി മാത്യൂസ് | റിസപ്ഷനിസ്റ്റ് |
| 19) | ശ്രീമതി സീബ എസ് | ഹൌസ് കീപ്പർ |
| 20) | ശ്രീമതി അഞ്ജന കെ. വിജയൻ | ഹൌസ് കീപ്പർ |
| 21) | ശ്രീമതി ഷൈമോൾ സി.ടി | ഹൌസ് കീപ്പർ |
| 22) | ശ്രീ. സന്തോഷ് എ | വെയ്റ്റർ |
| 23) | ശ്രീ. സിബിൻ കെ.വി | വെയ്റ്റർ |
| 24) | ശ്രീ. വിനോദ് പി.വി | വെയ്റ്റർ |
| 25) | ശ്രീ. വിനോയ് സൈമൺ | വെയ്റ്റർ |
| 26) | ശ്രീ. ഉദയകുമാർ എൻ.ടി | വെയ്റ്റർ |
| 27) | ശ്രീ. ശ്രീനിവാസൻ എൻ.കെ. | വെയ്റ്റർ |
| 28) | ശ്രീ. ഗിരീഷ് ജി.ആർ | വെയ്റ്റർ |
| 29) | ശ്രീ. സതീഷ് കുമാർ കെ. | വെയ്റ്റർ |
| 30) | ശ്രീ. രഞ്ജിൻ ജോർജി സാം | വെയ്റ്റർ |
| 31) | ശ്രീ. അനീഷ് എം. | വെയ്റ്റർ |
| 32) | ശ്രീമതി സിൽജ മോൾ പി.കെ | വെയ്റ്റർ |
| 33) | ശ്രീ. രാജേഷ് ആർ | വെയ്റ്റർ |
| 34) | ശ്രീ. സജിത് ഇ.കെ | വെയ്റ്റർ |
| 35) | ശ്രീ. ജോർജ് ആൻഡ്രൂസ് | വെയ്റ്റർ |
| 36) | ശ്രീ. സനിൽ എസ്. | വെയ്റ്റർ |
| 37) | ശ്രീ. ഷിജു സി. | വെയ്റ്റർ |

TOURISM DEPARTMENT GOVERNMENT SECRETARIAT THIRUVANANTHAPURAM

സെക്ഷൻ ഓഫീസർ

| | | |
|---|---|---|
| 38) | ശ്രീ. രാജു കെ.കെ. | വെയ്റ്റർ |
| 39) | ശ്രീ. രാജേഷ് എ. | വെയ്റ്റർ |
| 40) | ശ്രീ. ഗോപകുമാർ കെ.ആർ | വെയ്റ്റർ |
| 41) | ശ്രീ. വിനു ആർ. ചന്ദ്രൻ | വെയ്റ്റർ |
| 42) | ശ്രീ. നിഥിൻ ആർ. | വെയ്റ്റർ |
| 43) | ശ്രീ. പ്രജിത്ത് കുമാർ കെ.എം. | വെയ്റ്റർ |
| 44) | ശ്രീ. പ്രസാദ് കുമാർ കിളർകുടിയൻ | വെയ്റ്റർ |
| 45) | ശ്രീ. ഷോബിൻ പി.ടി | വെയ്റ്റർ |
| 46) | ശ്രീ. വിനീഷ് ഗോവിന്ദ് പി.സി | വെയ്റ്റർ |
| 47) | ശ്രീ. ജെയിംസ് ടി.സി | വെയ്റ്റർ |
| 48) | ശ്രീ. എൽദോസ് എം. രാജു | വെയ്റ്റർ |
| 49) | ശ്രീ. നിജിൽ നാരായണൻ പി. | വെയ്റ്റർ |
| 50) | ശ്രീ. പവിത്രൻ പി.പി. | വെയ്റ്റർ |
| 51) | ശ്രീ. വിശാഖ് എസ് | അസിസ്റ്റൻറ് കുക്ക് |
| 52) | ശ്രീ. എബി വർഗ്ഗീസ് | അസിസ്റ്റൻറ് കുക്ക് |
| 53) | ശ്രീ. എം. ശ്രീജിത് | അസിസ്റ്റൻറ് കുക്ക് |
| 54) | ശ്രീ. രാഗേഷ് കെ. രാജ് | അസിസ്റ്റൻറ് കുക്ക് |
| 55) | ശ്രീ. മിഥുൻ എം. ജി. | അസിസ്റ്റൻറ് കുക്ക് |
| 56) | ശ്രീ. രവീന്ദ്രകുമാർ ടി.എസ്. | അസിസ്റ്റൻറ് കുക്ക് |
| 57) | ശ്രീ. അനിൽ തങ്കപ്പൻ | അസിസ്റ്റൻറ് കുക്ക് |
| 58) | ശ്രീ. ബിനു എസ്. | അസിസ്റ്റൻറ് കുക്ക് |
| 59) | ശ്രീ. സദ്ദാം ഷഫീഖ് എം.ഐ. | അസിസ്റ്റൻറ് കുക്ക് |
| 60) | ശ്രീമതി ആശ എം. | അസിസ്റ്റൻറ് കുക്ക് |
| 61) | ശ്രീ. മനോജ് ഭാസ്കർ | അസിസ്റ്റൻറ് കുക്ക് |
| 62) | ശ്രീ. വിജേഷ് എ. | അസിസ്റ്റൻറ് കുക്ക് |
| 63) | ശ്രീ. ഇന്ദുചൂഢൻ എൻ.ടി. | അസിസ്റ്റൻറ് കുക്ക് |
| 64) | ശ്രീ. സജീവ് ടി.ഡി. | അസിസ്റ്റൻറ് കുക്ക് |
| 65) | ശ്രീ. സുരേന്ദ്രൻ വി. | ഹെൽപ്പർ |
| 66) | ശ്രീമതി സ്മിത ബി.എസ് | ഹെൽപ്പർ |
| 67) | ശ്രീമതി ഇന്ദു ആർ. | ഹെൽപ്പർ |
| 68) | ശ്രീമതി ശ്രീകല ഇ.പി. | ഹെൽപ്പർ |
| 69) | ശ്രീമതി സീന വി. | ഹെൽപ്പർ |
| 70) | ശ്രീമതി ബീന എൻ. ടി. | ഹെൽപ്പർ |
| 71) | കുമാരി ബിന്ദു ടി.എൻ. | ഹെൽപ്പർ |
| 72) | ശ്രീമതി ചന്ദ്രലേഖ എം.സി. | ഹെൽപ്പർ |
| 73) | ശ്രീമതി വിജയലക്ഷ്മി ജി.എസ്. | ഹെൽപ്പർ |
| 74) | ശ്രീ. മനോജ് കുമാർ ജി. | ഹെൽപ്പർ |
| 75) | ശ്രീമതി നിഷ എസ്. | ഹെൽപ്പർ |
| 76) | ശ്രീ. അജയ കുമാർ ടി. | ഹെൽപ്പർ |
| 77) | ശ്രീ. അനീഷ് ജി. പ്രദീപ് | ഹെൽപ്പർ |
| 78) | ശ്രീ. പ്രദീപൻ എ.ആർ | ഹെൽപ്പർ |
| 79) | ശ്രീ. മഹേഷ് എൻ. വി. | ഹെൽപ്പർ |
| 80) | ശ്രീ. പ്രശാന്ത് എ.എസ് | ഹെൽപ്പർ |
| 81) | ശ്രീമതി പ്രിയമോൾ പി.വി. | ഹെൽപ്പർ |
| 82) | ശ്രീമതി ഇന്ദിര എസ്. | ഹെൽപ്പർ |

TOURISM DEPARTMENT THIRUVANANTHAPURAM GOVERNMENT SECRETARIAT

സെക്ഷൻ ഓഫീസർ

| | | |
|---|---|---|
| 83) | ശ്രീ. റൂബൻ എൻ | ഹെൽപ്പർ |
| 84) | ശ്രീ. വിനോദ് എം..കെ. | ഹെൽപ്പർ |
| 85) | ശ്രീ. സജിമോൻ പി.കെ. | ഹെൽപ്പർ |
| 86) | ശ്രീ. അജികുമാർ | ഹെൽപ്പർ |
| 87) | ശ്രീ. മുരുകൻ എൻ. | ഹെൽപ്പർ |
| 88) | ശ്രീ. രവി എസ്. | ഹെൽപ്പർ |
| 89) | ശ്രീ. രജി. കെ.പി. | ഹെൽപ്പർ |
| 90) | ശ്രീ. വെള്ളിവേൽ | ഹെൽപ്പർ |
| 91) | ശ്രീ. ഷിജോ എ.ബി. | ഹെൽപ്പർ |
| 92) | ശ്രീ. രതീഷ് ആർ. | ഹെൽപ്പർ |
| 93) | ശ്രീ. സുരേഷ് ആർ. | ഹെൽപ്പർ |
| 94) | ശ്രീ. ഷിജു എൽ. | ഹെൽപ്പർ |
| 95) | ശ്രീ. ലക്ഷ്മണൻ എ. | ഹെൽപ്പർ |
| 96) | ശ്രീ. തോമസ് ജോസഫ് | ഹെൽപ്പർ |
| 97) | ശ്രീ. അജികുമാർ ജി. | ഹെൽപ്പർ |

TOURISM DEPARTMENT * GOVERNMENT SECRETARIAT * THIRUVANANTHAPURAM

സെക്ഷൻ ഓഫീസർ

112

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 15-02-2021

ഫയൽ നം. ടൂർ-ബി1/52/2020-ടൂർ. ഇനം നം: 4692

വിഷയം : ടൂറിസം വകുപ്പ് - കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷനിലെ കരാർ ജീവനക്കാരുടെ റെഗുലറൈസേഷൻ.

തീരുമാനം : കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷനിലെ നിയമനങ്ങൾ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയല്ലെങ്കിൽ മാത്രം സ്ഥിരപ്പെടുത്താമെന്ന വ്യവസ്ഥയോടുകൂടി കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

15/2/2021

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ടൂറിസം വകുപ്പ്.

**കേരള സർക്കാർ**

**(ശ്രീ പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രി സഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | ടൂർ -ബി1 /52/2020-ടൂർ |
| 2. | വകുപ്പ് | ടൂറിസം (ബി) വകുപ്പ് |
| 3. | വിഷയം | കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷനിലെ കരാർജീവനക്കാരുടെ റെഗുലറൈസേഷൻ -സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി ; | 09/02/2021 |
| 5. | (1) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>(2) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | 1) അതെ<br>2) അതെ |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്; | ശ്രീ റ്റി ആർ ജയപാൽ |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര്; | ശ്രീമതി റാണി ജോർജ്ജ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി; | 12.02.2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് ; | ഡോ . വിശ്വാസ് മേത്ത |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി ; | 12.02.2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് ; | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി; | 12.02.2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി; | 13.02.2021 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി ; | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയയതിയും; | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

വിനോദ സഞ്ചാര വകുപ്പിന് കീഴിലുള്ള കേരള ടൂറിസം ഡെവലപ്പ്മെൻറ് കോർപ്പറേഷൻ (കെ.ടി.ഡി.സി)യിലെ വിവിധ അംഗീകൃത തസ്തികകളിലായി കരാറടിസ്ഥാനത്തിൽ നിലവിൽ 31/01/2021 ൽ 10 വർഷമായി സേവനമനുഷ്ഠിച്ച് വരുന്ന ജീവനക്കാരുടെ സേവനം സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട നടപടികൾ കൈക്കൊള്ളുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കെ.ടി.ഡി.സി-യിലെ കരാർ ജീവനക്കാർ ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത വിവിധ റിട്ട് പരാതികളിലെ കോടതിവിധികളിലെ നിർദ്ദേശ പ്രകാരം കെ.ടി.ഡി.സിയിലെ വിവിധ അംഗീകൃത തസ്തികകളിലായി കരാറടിസ്ഥാനത്തിൽ നിലവിൽ സേവനമനുഷ്ഠിച്ച് വരുന്ന ജീവനക്കാരെ റെഗുലറൈസ് ചെയ്യണമെന്നുള്ള കെ.ടി.ഡി.സി, മാനേജിംഗ് ഡയറക്ടറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും കെ.ടി.ഡി.സിയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്ത വരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിൽ പൊതുവായ മാനദണ്ഡം രൂപികരിക്കണമെന്ന് ഉത്തരവാകുകയും കെ.ടി.ഡി.സി , മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

3) സർക്കാർ ആവശ്യപ്പെട്ട പ്രകാരം കരാർ വ്യവസ്ഥയിൽ ജോലി ചെയ്ത വരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് കെ.ടി.ഡി.സി. യുടെ 313 - ാം ബോർഡ് അംഗീകരിച്ച ചുവടെ പറയുന്ന മാനദണ്ഡങ്ങൾ കെ.ടി.ഡി.സി , മാനേജിംഗ് ഡയറക്ടർ സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു.

1. 18.09.2020 ന് എട്ട് (8) വർഷത്തിൽ കുറയാത്ത സേവനം
2. എല്ലാ തസ്തികകളും ഗവണ്മെന്റ് അനുമതി കിട്ടിയത് ആയിരിക്കണം
3 ഈ തസ്തികകളിൽ നിയമനം ഒരു സെലക്ഷൻ പ്രോസസ്സിൽ കൂടി ആയിരിക്കണം
4. ഈ തസ്തികകളിൽ നിയമനം നടത്തുന്നതിന് കെ.ടി.ഡി.സി.യ്ക്ക് അധികാരം ഉണ്ടായിരിക്കണം

4) ഇതോടൊപ്പം മേൽ മാനദണ്ഡം അനുസരിച്ച് നിയമിച്ചവർ, മാനദണ്ഡം പാലിക്കാതെ നിയമിച്ചവർ, 3 മെയിന്റനൻസ് എഞ്ചിനീയർമാർ എന്നി മൂന്ന് കാറ്റഗറികളായി തയ്യാറാക്കിയ 153 പേരുടെ ലിസ്റ്റ് സമർപ്പിച്ചിരുന്നു.

5) മേൽ വിഷയത്തിൽ അഭിപ്രായത്തിനായി ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു .

" ദിവസ വേതന / താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് , ബഹു.സുപ്രീം കോടതിയുടെ 3595-3612 of 1999 of State of Karnataka Vs Umadevi കേസ്സിലെ 10.04.2016 ll ലെ വിധിയുടെ അടിസ്ഥാനത്തിൽ, ധനകാര്യ (എക്സ്പെൻഡിച്ചർ-എ) വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള കുറിപ്പിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു (അനുബന്ധം 1 ആയി ചേർക്കുന്നു). മേൽ കോടതിവിധി ലംഘിച്ചുകൊണ്ട് ദിവസവേതന / താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട് . കൂടാതെ , ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള 13.05.2015- ലെ 48/2015/ധന സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരവും കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതല്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട് മേൽ കുറിപ്പ് , സർക്കുലർ എന്നിവയുടെ അടിസ്ഥാനത്തിൽ , കെ.ടി.ഡി.സി - ൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം പരിഗണിയ്ക്കാൻ

കഴിയില്ലായെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു .

ഇതിന് ബഹു . ധനവകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട് ."

6) ഈ വിഷയത്തിൽ ഫയൽ അഭിപ്രായത്തിനായി ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ ചുവടെ പറയും പ്രകാരം പ്രസ്തുത വകുപ്പ് അഭിപ്രായപ്പെട്ടു.

"Administrative Department is informed that this Department also concurs with the remarks of Finance Department in the matter."

7) നിയമവകുപ്പിൽ നിന്നും ചുവടെ പറയും പ്രകാരം അഭിപ്രായം അറിയിക്കുകയുണ്ടായി.

Secretary, State of Karnataka and Ors. vs. Umadevi and Ors. (10.04.2006-SC):MANU/SC/1918/2006 കേസിൽ ബഹു.സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ പ്രസക്ത ഭാഗങ്ങൾ താഴെ പറയും പ്രകാരമാണ്:-

.................Therefore, consistent with the scheme for public employment, this Court while laying down the law, has necessarily to hold that unless the appointment is in terms of the relevant rules and after a proper competition among qualified persons, the same would not confer any right on the appointee. If it is a contractual appointment, the appointment comes to an end at the end of the contract, if it were an engagement or appointment on daily wages or casual basis, the same would come to an end when it is discontinued.

Similarly, a temporary employee could not claim to be made permanent on the expiry of his term of appointment. It has also to be clarified that merely because a temporary employee or a casual wage worker is continued for a time beyond the term of his appointment, he would not be entitled to be absorbed in regular service or made permanent, merely on the strength of such continuance, if the original appointment was not made by following a due process of selection as envisaged by the relevant rules. It is not open to the court to prevent regular recruitment at the instance of temporary employees whose period of employment has come to an end or of ad hoc employees who by the very nature of their appointment, do not acquire any right. ...."

പബ്ലിക്ക് എംപ്ലോയ്മെന്റിൻ കീഴിൽ വരുന്ന തസ്തികകളിലേയ്ക്ക് വ്യവസ്ഥാപിതമായ രീതിയിൽ നിയമനം നടത്താതെ ദിവസ വേതനത്തിലും കരാറടിസ്ഥാനത്തിലും ജോലി ചെയ്തു വരുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് ഭരണഘടന ഉറപ്പ് നൽകുന്ന അവസര സമത്വം, തുല്യനീതി തുടങ്ങിയ മൗലിക തത്വങ്ങൾക്ക് വിരുദ്ധമാണ് എന്നതാണ് Secretary State of Karnataka & Ors Vs. Umadevi & Ors എന്ന കേസിലെ ബഹു.സുപ്രീം കോടതി വിധിയുടെ അന്ത:സത്ത. കരാറടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചു വരുന്ന ജീവനക്കാർക്ക് കരാർ പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് മാത്രമേ അർഹതയുള്ളൂ എന്നും കരാർ കാലാവധി അവസാനിക്കുമ്പോൾ അവരുടെ നിയമനവും പര്യവസാനിക്കും എന്നും കോടതി വിധിയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. തുല്യ യോഗ്യതയുള്ളവർക്ക് അവസരസമത്വം നൽകിക്കൊണ്ടും സംവരണ തത്വം ബാധകമായ ഇടങ്ങളിൽ അത് പാലിച്ചു കൊണ്ടും വേണം നിയമനങ്ങൾ നടത്തേണ്ടത്.

കൂടാതെ State of Jammu and Kashmir and Ors. vs. District Bar Association, Bandipora (08.12.2016 - SC) : MANU/SC/1566/2016 കേസിലും ബഹു. സുപ്രീം കോടതി താഴെ പറയും പ്രകാരം വിധി പ്രസ്താവിച്ചിട്ടുള്ളതാണ്:-

"Regularisation is not a source of recruitment nor is it intended to confer permanency upon appointments which have been made without following the due process envisaged by Articles 14 and 16 of the Constitution. Essentially a scheme for regularisation, in order to be held to be legally valid, must be one which is aimed at validating certain irregular appointments which may have come to be made in genuine and legitimate administrative exigencies. In all such cases it may be left open to Courts to lift the veil to enquire whether the scheme is aimed at achieving the above objective and is a genuine attempt at validating irregular appointments. The State and its instrumentalities cannot be permitted to use this window to validate illegal appointments. The second rider which must necessarily be placed is that the principle as formulated above is not meant to create or invest in a temporary or ad hoc employee the right to seek a writ commanding the State to frame a scheme for regularisation. "

ആയതിനാൽ വ്യവസ്ഥാപിതമായ നിയമന നടപടിക്രമങ്ങൾക്ക് വിരുദ്ധമായിട്ടുള്ള പ്രക്രിയ വഴി കരാറടിസ്ഥാനത്തിലോ, താൽക്കാലിക വ്യവസ്ഥയിലോ ജോലിയ്ക്ക് നിയോഗിക്കപ്പെട്ട വ്യക്തികളെ ബന്ധപ്പെട്ട തസ്തികകളിൽ സ്ഥിരപ്പെടുത്തുന്നത് Secretary, State of Karnataka and Ors. vs. Umadevi and Ors. (10.04.2006-SC): MANU/SC/1918/2006 കേസിലും State of Jammu and Kashmir and Ors. vs. District Bar Association, Bandipora (08.12.2016-SC):MANU/SC/1566/2016 കേസിലും ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായങ്ങൾക്ക് വിരുദ്ധമാണ് എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.

8) ധനകാര്യ വകുപ്പ്, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്, നിയമ വകുപ്പ് എന്നിവർ നൽകിയ അഭിപ്രായ സഹിതം, കെ.ടി.ഡി.സിയിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് കെ.ടി.ഡിസിയുടെ 313- ാം ബോർഡ് യോഗത്തിൽ തീരുമാനിച്ച മാനദണ്ഡങ്ങൾ അംഗീകരിക്കുന്ന വിഷയത്തിലും കെ ടി ഡി സി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച ലിസ്റ്റിൽ പരാമർശിച്ചിട്ടുള്ള ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയത്തിലും മേൽ നടപടികൾക്കായി ഫയൽ സമർപ്പിച്ചപ്പോൾ 31/01/2021 ന് 10 (പത്ത്) വർഷത്തിൽ കുറയാത്ത തുടർച്ചയായ സേവനമുള്ളവരുടെ വിവരങ്ങൾ സമർപ്പിക്കുവാൻ ബഹു.സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി ഉത്തരവിടുകയുണ്ടായി. അതിൻ പ്രകാരം 31/01/2021 ന് 10 വർഷം പൂർത്തിയാക്കിയ ഉചിതമായ നിയമന രീതിയിലൂടെ വന്ന 64 പേരും, ഉചിതമായ നിയമന രീതിയിലൂടെ അല്ലാതെ വന്ന 33 പേരും, 3 എഞ്ചിനിയർമാരും ഉൾപ്പെടുന്ന 100 കരാർ ജീവനക്കാരുടെ പട്ടിക (അനുബന്ധം 2 ആയി ചേർക്കുന്നു.) കെ.ടി.ഡി.സി. മാനേജിംഗ് ഡയറക്ടർ സർക്കാരിന് സമർപ്പിക്കുകയുണ്ടായി.കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ബഹു.ഹൈക്കോടതിയുടെ വിധിന്യായമനുസരിച്ച് തീർപ്പ് കൽപ്പിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം കെ ടി ഡി സി , മാനേജിംഗ് ഡയറക്ടർ നൽകിയ പ്രൊപ്പോസലിൽ പ്രസ്താവിച്ച പ്രകാരമുള്ള കരാർ ജീവനക്കാരെ ക്രമപ്പെടുത്തുന്നതിനുള്ള തുടർകാലാവധിയുടെ പൂർത്തീകരണം 8 വർഷമെന്ന മാനദണ്ഡത്തിൽ നിന്ന് 10 വർഷമാക്കി ഉയർത്തിയും, പ്രസ്തുത മാനദണ്ഡം ഉൾപ്പെടെ കരാർ നിയമനത്തിലെ മറ്റ് മാനദണ്ഡങ്ങളും പാലിക്കുന്ന 64 കരാർ ജീവനക്കാരുടെ കരാർ കാലാവധി അവർ പ്രവൃത്തിയെടുക്കുന്ന അതാത് തസ്തികകളിൽ ക്രമീകരിക്കുന്നതോടൊപ്പം, നിയമനത്തിലെ അംഗീകൃത മാനദണ്ഡം പാലിക്കാത്തതും എന്നാൽ 10 വർഷത്തിലധികമായി തുടരുന്ന 33 കരാർ ജീവനക്കാരുടെ സേവനം ഹെൽപ്പർ തസ്തികയിൽ ക്രമീകരിച്ച് കൊണ്ടും, കരാർ വ്യവസ്ഥയിൽ തുടരുന്ന 10 വർഷം പൂർത്തീകരിച്ച 3 മെയിന്റനൻസ് എഞ്ചിനീയർമാരെ അവർ പ്രവൃത്തിയെടുക്കുന്ന 3 തസ്തികകൾ പുന:സ്ഥാപിച്ച് പ്രസ്തുത തസ്തികകളിൽ ക്രമീകരിക്കുന്നതിനും ഉത്തരവിനായി ഫയൽ ബഹു. സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി

മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയുമുണ്ടായി.

9) 31/01/2021-ന് 10 വർഷം സേവനം പൂർത്തിയാക്കുന്നതുൾപ്പെടെ നിയമനത്തിലെ മാനദണ്ഡങ്ങൾ പാലിക്കുന്ന 64 കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിലൂടെ 6,70,462/- രൂപയും, 31/01/2021-ന് 10 വർഷം സേവനം പൂർത്തിയാക്കുകയും നിയമനത്തിലെ അംഗീകൃതമാനദണ്ഡങ്ങൾ പാലിക്കാത്തതുമായ 33 കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിലൂടെ 2,03,410/- രൂപയും, കരാർ വ്യവസ്ഥയിൽ തുടരുന്ന 10 വർഷം പൂർത്തീകരിച്ച 3 മെയിന്റനൻസ് എഞ്ചിനീയർമാരെ (ഇലക്ട്രിക്കൽ) സ്ഥിരപ്പെടുത്തുന്നതിലൂടെ 8,340/- രൂപയും പ്രതിമാസം അധിക സാമ്പത്തിക ബാധ്യതയുണ്ടാകും. ഇങ്ങനെയുണ്ടാകുന്ന വാർഷിക സാമ്പത്തിക ബാധ്യതയായ 1.06 കോടി രൂപ കെ.ടി.ഡി.സി.യുടെ തനത് ഫണ്ടിൽ നിന്നും വഹിക്കുന്നതാണ്.

## <u>തീരുമാനിക്കേണ്ട വിഷയം</u>

1 കെ.ടി.ഡി.സി.യിൽ കരാറടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരെ ക്രമപ്പെടുത്തുന്നതിനായി ചുവടെ ചേർക്കുന്ന മാനദണ്ഡങ്ങൾ അംഗീകരിക്കാവുന്നതാണോ;

a. 31/01/2021-ൽ പത്ത് (10) വർഷത്തിൽ കുറയാത്ത സേവനം

b. എല്ലാ തസ്തികകളും ഗവൺമെന്റ് അനുമതി കിട്ടിയത് ആയിരിക്കണം

c. ഈ തസ്തികകളിൽ നിയമനം ഒരു സെലക്ഷൻ പ്രോസസ്സിൽ കൂടി ആയിരിക്കണം

d. ഈ തസ്തികകളിൽ നിയമനം നടത്തുന്നതിന് കെ.ടി.ഡി.സി.യ്ക്ക് അധികാരം ഉണ്ടായിരിക്കണം

2 മുകളിൽപ്പറഞ്ഞ മാനദണ്ഡപ്രകാരം 10 വർഷം സേവനം പൂർത്തിയാക്കിയ 64 കരാർ ജീവനക്കാരുടെ സേവനം അവർ വഹിക്കുന്ന തസ്തികകളിൽ ക്രമപ്പെടുത്താമോ;

3 വിവിധ തസ്തികകളിൽ ജോലി ചെയ്യുന്നവരും 10 വർഷം സേവനം പൂർത്തിയാക്കിയവരും നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിക്കാത്തതുമായ 33 കരാർ ജീവനക്കാരെ ഹെൽപ്പർ തസ്തികകളിൽ ക്രമപ്പെടുത്താമോ;

4 കരാറടിസ്ഥാനത്തിൽ 10 വർഷമായി സേവനമനുഷ്ഠിച്ച് വരുന്ന 3 മെയിന്റനൻസ് എഞ്ചിനീയർമാരെ അവരുടെ തസ്തികകൾ പുന:സ്ഥാപിച്ച് കൊണ്ട് ക്രമപ്പെടുത്താമോ?